(സി) ചെറുകിട മേഖലയിലെ പീഡിത വ്യവസായങ്ങളെ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളുടെ അംഗീകാരത്തോടുകൂടി പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൻകീഴിൽ സിക്ക് യൂണിറ്റായി രജിസ്റ്റർ ചെയ്യുന്നു. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന യൂണിറ്റുകൾക്ക് പുനരുദ്ധാരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപവരെ മാർജിൻ മണി ,വായ്പ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സബ്സിഡി, സെയിൽസ്ടാക്സ് കുടിശ്ശികയ്ക്ക് മൊറൊട്ടോറിയം, പുനരുദ്ധരിച്ചതിനുശേഷം സെയിൽസ്ടാക്സ് ഇളവ്, പുനരുദ്ധരിക്കുന്നതിന് സ്ഥിരമൂലധന നിക്ഷേപമുണ്ടെങ്കിൽ 15 ശതമാനം സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി, റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കൽ, ഗവൺമെന്റിലേയ്ക്കും മറ്റു ധനകാര്യ സ്ഥാപനങ്ങളിലേയ്ക്കും അടയ്ക്കാനുള്ള കുടിശ്ശികയ്ക്ക് സാവകാശം അടയ്ക്കാനുള്ള സൗകര്യവും പുനഃക്രമീകരണവും, വിച്ഛേദിക്കപ്പെട്ട വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ചുകൊടുക്കൽ മുതലായ സഹായങ്ങൾ ചെയ്തുവരുന്നു. സിക്ക് യൂണിറ്റിന്റെ പുനരുദ്ധാരണ സാദ്ധ്യതകൾ കണ്ടെത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും കിറ്റ്കോയിലെ പ്രോഗ്രാം ഓഫീസേഴ്സിനെ നിയമിച്ചു പ്രവർത്തിച്ചുവരുന്നു. ഇടത്തരം-വൻകിട വ്യവസായങ്ങൾക്ക് ബി.ഐ.എഫ്.ആർ. പാക്കേജ് പ്രകാരം പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നു.

3a (*138) ചെറുകിട മേഖലയിലെ പീഡിത വ്യവസായങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട മേഖലയിൽ എത്ര പീഡിത വ്യവസായങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്;

(ബി) ഇത്തരം വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പുനരുദ്ധരിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോയെന്നും ഇത്തരം വ്യവസായങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ,

(എ) 4228 എണ്ണം

(ബി) ഉണ്ട്

(സി) പീഡിത വ്യവസായ യൂണിറ്റുകളെ കണ്ടെത്തുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ കിറ്റ്കോയുടെ ആഭിമുഖ്യത്തിൽ പ്രോഗ്രാം ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

പീഡിതവ്യവസായമായി രജിസ്റ്റർ ചെയ്യപ്പെടുന്ന യൂണിറ്റുകൾക്ക് മാർജിൻ മണി ലോൺ.

LIBRARY ARCHIVES Kerala Legislative Assembly

റീഹാബിലിറ്റേഷൻ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ പരമാവധി 2000 രൂപ, വിൽപ്പന നികുതി ഒഴിവ്, റവന്യൂ റിക്കവറി സ്റ്റേ, സ്റ്റാർട്ട് അപ്പ് എക്സ്പെൻസ്, വിൽപ്പന നികുതി കുടിശ്ശികയ്ക്ക് രണ്ടുവർഷത്തെ മൊറട്ടോറിയം, പിഴപ്പലിശ ഒഴിവാക്കൽ, ലോൺ തവണകളായി അടച്ചുതീർക്കാനുള്ള അവസരം മുതലായ സഹായങ്ങൾ നൽകിവരുന്നു.

<u>ശ്രീ. വി.ജെ. പൗലോസ്</u> : കേരളത്തിന്റെ വ്യവസായ പുരോഗതിയിൽ ഒരു കാലഘട്ടത്തിൽ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച നിരവധി വ്യവസായ സ്ഥാപനങ്ങൾ പീഡിത വ്യവസായങ്ങളുടെ ലിസ്റ്റായി അനുബന്ധം-1-ൽ ചേർത്തിട്ടുള്ളതിലുണ്ട്. ഇപ്പോൾ ഇതുവരെ പല നടപടികളും സ്വീകരിച്ചുവെന്ന് പറയുന്ന സർക്കാരിന് ഇതിന് ഒരു മാറ്റവുമുണ്ടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇവ പുനരുദ്ധരിക്കുന്നതിന് അടിയന്തിരമായി എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്; അനുബന്ധം-2 ൽ ചേർത്തിട്ടുള്ള പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് എത്ര രൂപ വേണ്ടിവരും; അതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേയ്ക്ക് ആ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ചെറുകിട വ്യവസായ മേഖലയിൽ പീഡിത വ്യവസായമായി കണ്ടെത്തിയിട്ടുള്ള വ്യവസായങ്ങൾക്ക് അതിന്റെ പുനരുദ്ധാരണ നടപടികൾ സംബന്ധിച്ച് സ്കീമുകൾ തയ്യാറാക്കി ബാങ്കുകളുമായി ചർച്ച ചെയ്ത് അതിന് അവസാനരൂപം കൊടുക്കാനുള്ള പരിശ്രമത്തിലാണ്. ടോട്ടലായിട്ടുള്ള തുക ഇപ്പോൾ പറയാൻ കഴിയുകയില്ല.

<u>ശ്രീ. വി.ജെ. പൗലോസ്</u> : പീഡിത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു സ്ഥാപനമാണ് കെൽട്രോൺ. കംമ്പ്യൂട്ടർ മേഖലയിൽ എല്ലാ സംസ്ഥാനങ്ങളും മത്സരിച്ച് മുന്നേറിക്കൊണ്ടിരിക്കുമ്പോൾ ആ രംഗത്ത് പിന്നോക്കംനിൽക്കുന്ന നമ്മുടെ സംസ്ഥാനത്തെ ഉയർത്തിക്കൊണ്ടുവരുവാൻ സർക്കാർ ആത്മാർത്ഥമായി വിചാരിച്ചാൽ കെൽട്രോണിന് കഴിയുമെന്നിരിക്കെ ആ കെൽട്രോണിനെ യുദ്ധകാലാടിസ്ഥാനത്തിൽ പുനരുദ്ധരിച്ച് ശക്തിപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ, എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : കെൽട്രോണിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ പുനരുദ്ധാരണ നടപടിയാണ് നമ്മൾ കൈക്കൊണ്ടിട്ടുള്ളത്. ഇതുവരെ മറ്റൊരു ഗവൺമെന്റും ചെയ്യാത്തവിധത്തിലുള്ള നടപടികളാണ് ചെയ്തിട്ടുള്ളത്. 200 കോടി രൂപയുടെ കടം ആ സ്ഥാപനത്തിനുണ്ടായിരുന്നു. ബാങ്കുകളുമായി സംസാരിച്ച് 120 കോടി രൂപയാക്കി ചുരുക്കി. അത് ഏഴ് കൊല്ലമായി തുടങ്ങുന്നതിന് ഒരു പാക്കേജ് ഉണ്ടാക്കി അതിന്റെ വിഹിതമായി 23 കോടി രൂപ കൊടുത്തുകഴിഞ്ഞു. ഞങ്ങൾക്ക് വാസ്തവത്തിൽ ആകെയുള്ളത് 65 കോടി രൂപയാണു്, അതിൽ 30 കോടി രൂപ ഇക്വിറ്റിയായിട്ട് കോർപ്പസ് ഫണ്ടിന് പോകും. ബാക്കിയുള്ള 35 കോടിയിൽ 23 കോടി രൂപ കെൽട്രോണിന് പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് കെൽട്രോണിന് മാത്രമായി കൊടുത്തു. അടുത്ത കൊല്ലം 29.50 കോടി രൂപ കൊടുക്കണം. അതിനാവശ്യമായ എല്ലാ നടപടികളും എടുത്ത് ഇപ്പോൾ അതിന് വിദഗ്ദ്ധമായ ഒരാളെവച്ച് ഓരോ യൂണിറ്റും പുനരുദ്ധരിക്കാനാവശ്യമായ നടപടികൾ എടുക്കുകയാണ്. കോർപ്പസ് ഫണ്ടിൽനിന്നും അതിനാവശ്യമായിവരുന്ന പണവും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : ഇവിടെ ബഹുമാനപ്പെട്ട മന്ത്രി തന്ന കണക്കനുസരിച്ച് 30-11-98 വരെ 3712 പീഡിത ചെറുകിട വ്യവസായങ്ങൾ രജിസ്റ്റർ ചെയ്തുവെന്നാണ് പറഞ്ഞിരിക്കുന്നത്. അതേ ഉത്തരത്തിൽത്തന്നെ ഇത് രജിസ്റ്റർ ചെയ്ത് അതിന്റെ വിശദാംശങ്ങൾ പഠിക്കുന്നതിന് കിറ്റ്കോയുടെ പ്രോഗ്രാം ഓഫീസറാണെന്ന് പറയുന്നുണ്ട്. ഇവർ പഠിച്ച് റിപ്പോർട്ട് കൊടുക്കുമ്പോൾ ഇതെല്ലാം ആറടി മണ്ണിൽപോകും. ഇതിലെ പ്രധാന പ്രയാസങ്ങൾ റവന്യൂ റിക്കവറി, വിവിധതരം വായ്പകൾ, ഇലക്ട്രിസിറ്റി രംഗത്തെ പ്രശ്നങ്ങൾ, സെയിൽസ്ടാക്സ് കുടിശ്ശിക ഇവയൊക്കെയാണ്. ഈ പീഡിത വ്യവസായങ്ങളെ രണ്ടായി തരംതിരിച്ചിട്ട് ചെറിയ സഹായം ചെയ്തുകൊടുത്താൽ ചില വ്യവസായങ്ങളെ രക്ഷപ്പെടുത്താൻ കഴിയും. പെട്ടെന്ന് രക്ഷപ്പെടുത്താൻ കഴിയുന്നവ, എത്ര ശ്രമിച്ചാലും രക്ഷപ്പെടുത്താൻ കഴിയാത്തവ എന്നിങ്ങനെ തിരിച്ച് പെട്ടെന്ന് രക്ഷപ്പെടുത്താൻ കഴിയുന്ന ആ പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കുവാൻവേണ്ടി ഈ പറഞ്ഞ വിവിധ ഏജൻസികളെ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു പുതിയ സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇന്ന് ഇതിനെല്ലാമുള്ള പുനരുദ്ധാരണ നടപടികൾ കൈക്കൊള്ളാൻ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ കഴിയും. കമ്പ്യൂട്ടറൈസേഷനുള്ള കാര്യങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് ഇതിന്റെ പുനരുദ്ധാരണത്തിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. അതിവേഗത്തിൽ ഈ കാര്യങ്ങൾ ചെയ്യാൻ കഴിയും. ഇത് പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ, റവന്യൂ റിക്കവറി, ഇലക്ട്രിസിറ്റി കണക്ഷൻ എന്നിവയിൽ ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. ഇതിനാവശ്യമായ എല്ലാ കാര്യങ്ങളും ചെയ്യുന്നതിനാണ് കിറ്റ്കോയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുമ്പോലെ യാതൊരു താമസവും ഉണ്ടാവുകയില്ലെന്ന് എനിക്ക് ഉറപ്പുപറയാൻ കഴിയും.

ശ്രീ. തമ്പാനൂർ രവി : സമാന സ്വഭാവമുള്ള ധാരാളം പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. ഉദാഹരണത്തിന് കെൽട്രോണിന്റെ ചില യൂണിറ്റുകൾ ലാഭത്തിലാണ്. കണ്ണൂരിലേത് നഷ്ടത്തിലാണ്. അപ്പോൾ സമാന സ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു ശക്തമായ പ്രവർത്തനം നടത്താൻ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ ആലോചിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : കെൽട്രോണിനെ സംബന്ധിച്ചാണെങ്കിൽ കണ്ണൂരിലെ യൂണിറ്റ് നഷ്ടത്തിലാണെന്ന് പറഞ്ഞത് ശരിയല്ല. കണ്ണൂരിലേത് ലാഭത്തിലാണ് നടക്കുന്നത്. കെൽട്രോണിന്റെ ഓരോ യൂണിറ്റും പരിശോധിച്ച് ആവശ്യമായിട്ടുള്ള റെക്ടിഫിക്കേഷൻ നടപടികൾ എടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു ആശങ്കയും വേണ്ട. ആ കാര്യത്തിൽ ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്.

ശ്രീ. കെ.സി. ജോസഫ് : ഇവിടെ കാലാകാലങ്ങളിൽ പുതിയ വ്യവസായങ്ങൾക്ക് നികുതി ഒഴിവ് അടക്കം ചില ആനുകൂല്യങ്ങൾ നൽകാറുണ്ടായിരുന്നു. ഇപ്പോൾ കേന്ദ്രഗവൺമെന്റിന്റെ പുതിയ നികുതി ഘടന ഏകീകരിക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായി ഇത്തരം ആനുകൂല്യങ്ങൾ നൽകുന്നതിന് വല്ല നിരോധനവുമുണ്ടോ; ഉണ്ടെങ്കിൽ അതുസംബന്ധിച്ച് സംസ്ഥാനഗവൺമെന്റിന്റെ നയം വ്യക്തമാക്കുമോ? സാധാരണഗതിയിൽ കാലാകാലങ്ങളിൽ പുതിയ വ്യവ

സായങ്ങൾ ആരംഭിക്കുമ്പോൾ ആദ്യത്തെ പത്തുകൊല്ലം അല്ലെങ്കിൽ അഞ്ചു കൊല്ലം ഒരു ടാക്സ് ഇളവ് കൊടുക്കാറുണ്ടായിരുന്നു. പക്ഷെ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നികുതി ഘടന ഏകീകരിക്കാൻ ഉദ്ദേശിക്കുന്നതിന്റെ ഭാഗമായിട്ട് അത്തരം ഇളവുകൾ പാടില്ലെന്നുള്ള നിർദ്ദേശം വായിക്കാനിടയായി. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാന ഗവൺമെന്റിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഇതുസംബന്ധിച്ചുള്ള ഒരു പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. പൊതുവായി നികുതി ഏകീകരിക്കുന്നതിനുള്ള നടപടി എടുക്കുകയാണ്. നികുതി ഏകീകരിച്ചുകഴിഞ്ഞാൽ നമുക്ക് എന്തെങ്കിലും പ്രത്യേകമായി ചെയ്യാൻ കഴിയുമോയെന്നുള്ളത് പരിശോധിച്ചുമാത്രമേ പറയാൻ കഴിയൂ.

<u>ശ്രീ. കെ.സി. ജോസഫ്</u> : തുടർച്ചയായി നഷ്ടത്തിലോടുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ ഡിസ്ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ നയമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : തുടർച്ചയായി നഷ്ടം വരുന്നതിന് കാരണമായത് ആവശ്യമായ നിലയിലുള്ള ഫണ്ട് കൊടുക്കുകയോ ടെക്നോളജി അപ്ഗ്രേഡേഷനടക്കമുള്ള കാര്യങ്ങൾ ചെയ്യുകയോ ചെയ്തിട്ടില്ലെന്നുള്ളതാണ്. അതിനാവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. ഒറ്റ പൊതുമേഖലാസ്ഥാപനവും ഡിസ്ഇൻവെസ്റ്റ് ചെയ്യാൻ ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

<u>ഡോ. എം.എ. കുട്ടപ്പൻ</u> : നമ്മുടെ സംസ്ഥാനത്തെ 102 പൊതുമേഖലാസ്ഥാപനങ്ങളിലായി ജോലി ചെയ്യുന്ന മൊത്തം ജീവനക്കാരുടെ എണ്ണം 1,26,000 ആണെന്ന് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ റിപ്പോർട്ടിൽ കാണുന്നുണ്ട്. ഇവിടെ നാലോ അഞ്ചോ പൊതുമേഖലാസ്ഥാപനങ്ങളൊഴികെ ബാക്കിയെല്ലാം നഷ്ടത്തിലാണുതാനും. കേരളത്തിലാകട്ടെ വിദേശ മലയാളികളുടെ സഹകരണത്തോടെ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണവും എറണാകുളത്തെ മട്ടാഞ്ചേരി സമാന്തരപാലത്തിന്റെ നിർമ്മാണവും പൂർണ്ണമായും സ്വകാര്യമേഖലയിലാക്കി തുടങ്ങിയത് പരിഗണിച്ചുകൊണ്ട് ഈ പൊതുമേഖലാസ്ഥാപനങ്ങളുടെ നടത്തിപ്പിൽ വിദേശ മലയാളികളുടെ ഇക്വിറ്റി പാർട്ടിസിപ്പേഷൻ അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഞാൻ നേരത്തെ വ്യക്തമാക്കിക്കഴിഞ്ഞു. വ്യവസായ വകുപ്പിന്റെ കീഴിലുള്ള 68 പൊതുമേഖലാസ്ഥാപനങ്ങളാണ് ഇപ്പോൾ ഫംഗ്ഷനിംഗായിട്ടുള്ളത്. മറ്റുള്ളത് പ്രൊമോഷണൽ ഏജൻസിയും മറ്റു കാര്യങ്ങളുമാണ്. ഇതുസംബന്ധിച്ച് വിശദമായ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കി അതിനാവശ്യമായ ഫണ്ട് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൽക്കാലം ഇത് ആർക്കും ഡിസ്ഇൻവെസ്റ്റ് ചെയ്യാൻ തീരുമാനിച്ചിട്ടില്ല. അല്ലാതെതന്നെ പുനരുദ്ധരിക്കാൻ കഴിയുമെന്നാണ് വിശ്വാസം.

<u>ഡോ. എം.എ. കുട്ടപ്പൻ</u> : പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ടോപ്പ് ലെവൽ എക്സിക്യൂട്ടീവ്, മിഡിൽ ലെവൽ എക്സിക്യൂട്ടീവ്, ലോവർ കാറ്റഗറി, വർക്കർ കാറ്റഗറി എന്നീ തലങ്ങളിലെല്ലാം പട്ടികജാതിക്കാർക്ക് 10 ശതമാനം സംവരണം വേണമെന്ന നിശ്ചിതമായ സർക്കാർ ഉത്തരവ് ഉണ്ടായിരിക്കെ 12 പൊതുമേഖലാസ്ഥാപനങ്ങളിൽ ഒറ്റ പട്ടികജാതിക്കാരില്ലെന്നും പതിനഞ്ചോളം പൊതുമേഖലാസ്ഥാപനങ്ങളിൽ എക്സിക്യൂട്ടീവ്, മിഡിൽ എക്സിക്യൂട്ടീവ് എസ്.സി., എസ്.ടി. ഇല്ലെന്നും, പല തലങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

എസ്.സി./എസ്.ടിക്ക് മതിയായ പ്രാതിനിധ്യമില്ലെന്നുമാണ് ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ ഡയറക്ടറുടെ റിപ്പോർട്ടിൽ കാണുന്നത്. അതിന് ഒന്നാമതായി പറയുന്ന ന്യായീകരണം, പട്ടികജാതിക്കാർക്ക് കാര്യക്ഷമതയില്ല, എക്സ്പീരിയൻസ് ഇല്ലെന്നാണ്. രണ്ടാമതായി പറയുന്നത് നഷ്ടത്തിലാണെന്നാണ്. പട്ടികജാതിക്കാരുടെ പ്രാതിനിധ്യമില്ലാതെ മറ്റുള്ളയാളുകൾ ഇത് നടത്തിയിട്ടും നഷ്ടത്തിലോടിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ നഷ്ടം ചൂണ്ടിക്കാണിച്ചുകൊണ്ട് പട്ടികജാതിക്കാരന് അവകാശം കൊടുക്കാതിരിക്കുകയാണ്. അതുകൊണ്ട് നഷ്ടമായാലും ഇല്ലെങ്കിലും പട്ടികജാതിക്കാരന് അർഹതപ്പെട്ട പത്തുശതമാനം സംവരണം എല്ലാ കാറ്റഗറിയിലും കൊടുക്കാൻ ഗവൺമെന്റ് അടിയന്തിരമായി നടപടി എടുക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതിനാവശ്യമായ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണു്. പലപ്പോഴും ചീഫ് എക്സിക്യൂട്ടീവ് വരേണ്ട രംഗങ്ങളിലെല്ലാം ആളുകളെ കിട്ടാനില്ല.

മി. സ്പീക്കർ : ലാഭവും നഷ്ടവും നോക്കിയിട്ടാണോ ഇത് തീരുമാനിക്കുന്നത്. ഉണ്ടെങ്കിൽ അത് പാടില്ല.

ശ്രീമതി സുശീലാഗോപാലൻ : ഒരിക്കലും അങ്ങനെ ഇല്ല. ആ കാര്യങ്ങൾ പരിശോധിച്ച് എവിടെയാണു കുറവുള്ളതെന്ന് നോക്കി ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. കുറവുകൾ നികത്തും. ചീഫ് എക്സിക്യൂട്ടീവിന്റെ സ്ഥാനത്ത് ആവശ്യമായ ആളുകളെ കിട്ടാൻ പരിശ്രമിക്കും. അത് കിട്ടുന്നതനുസരിച്ചേ നിയമിക്കാൻ പറ്റുകയുള്ളൂ.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

4 (*120) റവന്യൂ കാർഡ് വിതരണം

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് വിതരണം നടത്തുന്നതിന് വേണ്ടിയുള്ള എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ കാർഡ് സംവിധാനം ഏത് ജില്ലയിലാണ് ആദ്യമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ആദ്യപടിയായി എത്രലക്ഷം കുടുംബങ്ങൾക്ക് റവന്യൂ കാർഡ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) റവന്യൂ കാർഡിന്റെ വിതരണം സംസ്ഥാനത്ത് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly